**D 53624** **(Pages : 3)** **Name.......................................**

**Reg. No..................................**

## FIRST SEMESTER (CBCSS–UG) DEGREE EXAMINATION NOVEMBER 2023

(Common Course (Language Reduced Pattern))

Malayalam

MAL 1A07 (3)—MALAYALA BHASHAYUM SAHITHYAVUM – I

(2019–2023 Admissions)

Time : Two Hours and a Half Maximum : 80 Marks

### Section A

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക.

(2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. പരമാവധി മാർക്ക് 25).

1. "തൻമക്കൾ സർവ്വദുരിതത്തിനനുമൗഷധങ്ങൾ

   കുഞ്ഞുങ്ങളെന്ന് പറവൂബുധർ"

   –സന്ദർഭമെന്ത് ?

2. "നരിവന്നാൽ വന്നോട്ടെ, സുപരീക്ഷിതങ്ങളെൻ

   ചരണങ്ങൾ, ഞാനൊരു പെണ്ണല്ലല്ലോ"

   –വിവക്ഷിതം എന്ത് ?

3. "ഞങ്ങളുടെ മൃതർ അഴകുള്ള ഈ ഭൂമിയെ ഒരിക്കലും മറക്കില്ല "ഇങ്ങനെ പറയാൻ കാരണമെന്ത് ?

4. ആഫ്രിക്കയിലെ മൊമ്പാസ് തുറമുഖത്തെത്തിയപ്പോൾ യാത്രികൻ ആദ്യം കണ്ട കാഴ്ച എന്തായിരുന്നു ?

5. 'പൊക്കുടൻ' എന്ന പേരിന് പിന്നിലെ കഥയെന്ത് ?

6. കോളനിയിലെ പുതിയ താമസക്കാർ വന്നതോടെ ഉണ്ടായ അലിഖിത നിയമങ്ങൾ എന്തൊക്കെയാണ് ?

7. 'ആ വലയോട് അവൻ ചെയ്യുന്നതെല്ലാം അവൻ തന്നോട് തന്നെയാണ് ചെയ്യുന്നത്'. സൂചിതം വ്യക്തമാക്കുക.

8. "പൊന്നുമ്മയൊന്നുമിവൾ തന്നതുമില്ല, അമ്മ-

   യെന്നെന്നെയെന്റെ മകളൊന്നു വിളിച്ചുമില്ല"

   –ആശയമെന്ത് ?

**Turn over**

9. "ഒരു പെണ്ണിനുവേണ്ടി മതം മാറുന്നത് അടിമത്തത്തിനു വഴി വയ്ക്കുകയാവും എന്ന വിഡ്ഢിത്തം എനിക്ക് തോന്നിയിരുന്നു "–ഇങ്ങനെ ചിന്തിക്കാനുള്ള സന്ദർഭമെന്ത് ?

10. "ചുമരുണ്ടെങ്കിലേ ചിത്രമെഴുതാൻ കഴിയൂ"–സൂചിതം എന്ത് ?

11. കുപ്പമ്മയെ സരള ആദ്യം കണ്ട സന്ദർഭമേത് ?

12. വേണ്ടാംകടിയെ അച്ഛൻ തല്ലിയതെന്തിനാണ് ?

13. കലയുടെ സൂക്ഷ്മമായ സ്രോതസ്സ് എന്താണ് ?

14. പൊക്കുടൻ കണ്ടൽച്ചെടി നട്ടു പിടിപ്പിക്കാനുള്ള കാരണമെന്ത് ?

15. ഒരു കലാകാരന്റെ സൃഷ്ടിയെ മറ്റൊരാൾക്ക് ആസ്വദിക്കാൻ കഴിയുന്നതിന്റെ കാരണമെന്ത് ?

(25 marks)

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. പരമാവധി മാർക്ക് 35.

16. കല്ലേൻ പൊക്കുടൻ തന്റെ സമുദായത്തിന്റെ ഭക്ഷണരീതിയെക്കുറിച്ച് എന്താണ് പറഞ്ഞിരിക്കുന്നത് ?

17. "ജീവിക്കലിന്റെ അന്ത്യം അതിജീവനത്തിന്റെ തുടക്കം"–ഇപ്രകാരം പറയാനുള്ള കാരണമെന്ത് ?

18. കുപ്പമ്മയെന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

19. കപ്പലിൽ നിന്നും ചുങ്കപ്പുരയിൽ ഇറക്കിയ സാധനം കൈപ്പറ്റാൻ ചെന്ന യാത്രികനും സ്നേഹിതനും ഉണ്ടായ അനുഭവം എന്താണ് ? വ്യക്തമാക്കുക.

20. "എനിക്കീ പെണ്ണെന്ന വർഗ്ഗത്തിനെ കണ്ടുകൂടാ! "–ഇത് സമർത്ഥിക്കാൻ മുത്തച്ഛൻ പറഞ്ഞ കഥയെന്ത് ?

21. 'ലോല' എന്ന കഥയിലെ പ്രണയദർശനം എന്താണ് ? വ്യക്തമാക്കുക.

22. "അവിടെയെന്നുൾക്കണ്ണാൽക്കാണുന്നൂഞാനേറെ
വിവശിതമാമെൻ കുടുംബചിത്രം"
–വിവക്ഷിതം വിശദമാക്കുക.

23. "രാവും നിലാവുമഴകും പുലരിത്തുടുപ്പും
പൂവും ചമച്ചകര, മെന്തിനുതീർത്തുനമ്മെ"
–ഇപ്രകാരം പറയാനുള്ള കാരണം വിശദീകരിക്കുക.

(35 മാർക്ക് )

## Section C

ഏതെങ്കിലും **രണ്ട്** ചോദ്യത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. കലയുടെ അടിസ്ഥാന തത്ത്വങ്ങളെക്കുറിച്ച് വിവരിക്കുക.
25. സമൂഹത്തിന്റെയും ചരിത്രത്തിന്റെയും വിമർശനമാണ് 'കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം' —പരിശോധിക്കുക.
26. 'കൊല്ലേണ്ടതെങ്ങനെ' എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.
27. കാർഷിക ജീവിതത്തിന്റെ തകർച്ചയും കുടുംബബന്ധത്തിലുളവാക്കുന്ന ദൈന്യമായ കാഴ്ചകളും അനാവരണം ചെയ്യുകയാണ് 'വേണ്ടാംകടി'യിൽ—ശരിയോ ?

(2 × 10 = 20 marks)